# കേരള സർക്കാർ
# പൊതുപരീക്ഷാ വിഭാഗം

## സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി)
## പരീക്ഷ
## (യു.എസ്.എസ്. പരീക്ഷ)
## ഫെബ്രുവരി 2026

# വിജ്ഞാപനം

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12

നം.ഇ.എക്സ്/എച്ച്-1/49055/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി : 22/12/2025

# വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം - പരീക്ഷാ ഭവൻ - 2025-26 അധ്യയന വർഷത്തെ സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1) G.O (RT) No.105/2011/പൊ.വി.വ. തീയതി 06/01/2011
2) G.O.(RT) No. 5662/2015. തീയതി: 30/11/2015.
3) സ.ഉ. (കൈ) നം. 193/2025/പൊ.വി.വ., തീയതി 20/12/2025.

മേൽ സൂചന (3) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2025 - 2026 അദ്ധ്യയന വർഷം മുതൽ യു.എസ്.എസ്. പരീക്ഷയുടെ പേര് സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിജ്ഞാപനത്തിൻ തുടർന്ന് സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷ എന്നാണ് പരാമർശിക്കുക. പ്രസ്തുത പരീക്ഷ താഴെപ്പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷ | 26/02/2026 വ്യാഴം | പേപ്പർ I രാവിലെ 10.00 മുതൽ 12.00 മണി വരെ<br>പേപ്പർ II - ഉച്ചക്ക് 1.30 മുതൽ 3.30 മണി വരെ |

# സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി). പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ

## 1. സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി). പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്നവർക്ക് സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷ എഴുതാവുന്നതാണ്.
  - ഏഴാം ക്ലാസ്സിലെ രണ്ടാം ടേം ആത്യന്തിക വിലയിരുത്തലിലും **(Summative Assessment-II)** വികാസപ്രദ വിലയിരുത്തലിലും **(Formative Assessment-II)** ലഭിച്ച ഗ്രേഡുകളുടെ അടിസ്ഥാനത്തിലാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ഇതിനായി 2 മാനദണ്ഡങ്ങളാണ് നിർദ്ദേശിക്കുന്നത്.

1. എല്ലാ വിഷയങ്ങളിലും 'എ' ഗ്രേഡ് (ഭാഷാ വിഷയങ്ങൾ & ശാസ്ത്ര വിഷയങ്ങൾ)
2. ഭാഷാ വിഷയങ്ങളിൽ 2 പേപ്പറുകൾക്ക് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും. ശാസ്ത്ര വിഷയങ്ങളിൽ (ഗണിതം, അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം) രണ്ടെണ്ണത്തിന് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും.

| |
|---|
| **നോട്ട് : കലാ-കായിക, പ്രവൃത്തി പരിചയ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, വിദ്യാരംഗം മേളകളിൽ ഉപജില്ലാ തലത്തിൽ 'എ' ഗ്രേഡ്/'ബി' ഗ്രേഡ്/ഒന്നാംസ്ഥാനം നേടിയവർക്ക് മാത്രമാണ് രണ്ടാം മാനദണ്ഡം ബാധകമാകുക.** |

- കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ഉറപ്പ് വരുത്തേണ്ടതാണ്.

സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് നൽകേണ്ടതില്ല. പരീക്ഷ എഴുതാൻ അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ ഓൺലൈനായി **30/12/2025 മുതൽ 15/01/2026** വരെ സ്കൂൾ ഹെഡ്മാസ്റ്റർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

| |
|---|
| **നോട്ട് - രജിസ്ട്രേഷൻ സമയത്ത് കുട്ടികളുടെ വിവരങ്ങൾ (പേര്, ജനന തീയതി, മറ്റ് വിവരങ്ങൾ) പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.** |

**സാങ്കേതികവിവരങ്ങൾക്ക്-0471-2546832, 0471-2546833**

ഇ-മെയിൽ : **lssusshelpdesk@gmail.com**

## 2. പരീക്ഷയുടെ സിലബസും സ്വഭാവവും.

- സി.എം.കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷയ്ക്ക് 2025-26 അധ്യയനവർഷത്തെ ഏഴാം ക്ലാസിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച **സ്കീം ഓഫ് വർക്ക് അനുസരിച്ച് ജനുവരി 31 ന് പൂർണ്ണമായി തീരുന്ന പാഠഭാഗങ്ങളാവും** ഉൾപ്പെടുത്തുക.
- ഏഴാം ക്ലാസ്സുവരെ കുട്ടി നേടേണ്ട പഠന ലക്ഷ്യങ്ങളെ പരിഗണിച്ചായിരിക്കും ചോദ്യങ്ങൾ.
- ചോദ്യങ്ങൾ Select Response Items മാതൃകയിലായിരിക്കും. ഇവയിൽ താഴെക്കൊടുത്ത രീതിയിലുള്ള ചോദ്യങ്ങളുണ്ടാവും.
  - ശരിയായ ഒരുത്തരം തെരഞ്ഞെടുക്കുന്നവ
  - പ്രസ്താവന ടൈപ്പ് ചോദ്യങ്ങൾ
  - മാച്ചിംഗ് ടൈപ്പ് ചോദ്യങ്ങൾ
  - ഒന്നിലധികം ശരിയായ ഉത്തരങ്ങൾ തെരഞ്ഞെടുക്കുന്നവ
- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ടവയും ഉയർന്ന ശേഷിക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കും.
  - ആശയ സ്വാംശീകരണം (Conceptual Clarity)
  - അറിവുകളെ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള ശേഷി (Application Skill)
  - വിശകലനാത്മക ചിന്ത (Analytical Thinking)
  - വിമർശനാത്മക ചിന്ത (Critical Thinking)
  - സർഗ്ഗാത്മക ചിന്ത (Creative Thinking)
  - ഗണന ചിന്തയും, മാനസിക ശേഷിയും (Computational Thinking & Mental Ability)
  - മൂല്യ മനോഭാവങ്ങൾ (Value/Attitude)

- പരിസര പഠനം, പൊതുവിജ്ഞാനം വിഭാഗങ്ങളിൽ കല, ആരോഗ്യ, കായിക പ്രവൃത്തി പഠനം, e@വിദ്യ ഉൾപ്പെടെയുള്ള മേഖലകൾ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- എല്ലാ വിഷയങ്ങളുടെയും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ വായനാസാമഗ്രികൾ, തുടർ പ്രവർത്തനങ്ങൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായി നൽകുന്നതാണ്.
- നാല് ആൽഫാ കോഡുകളിലായിരിക്കും ചോദ്യപേപ്പർ നൽകുന്നത്.

## 3. പരീക്ഷയുടെ ഘടന

സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷയ്ക്ക് രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും

**പേപ്പർ (I) ഒന്നാം ഭാഷ &ഗണിതം (ഇതിലും 3 പാർട്ടുകൾ ഉണ്ട്)**

| | | |
|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (ഭാഗം 1) (A.T മലയാളം/കന്നട/തമിഴ്/ അറബി/ ഉറുദു/സംസ്കൃതം) |
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) (B.T മലയാളം/കന്നട/തമിഴ് ഇതിൽ കല, വിദ്യാഭ്യാസവുമായി ഉദ്ഗ്രഥിച്ച് ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതാണ്). |
| പാർട്ട് (സി) | : | ഗണിതവും മാനസിക ശേഷിയും |

**പേപ്പർ (II) ഇംഗ്ലീഷ്, ശാസ്ത്രം & സാമൂഹ്യശാസ്ത്രം (ഇതിലും 3 പാർട്ടുകൾ ഉണ്ട്)**

| | | |
|---|---|---|
| പാർട്ട് (എ) | : | ഇംഗ്ലീഷ് |
| പാർട്ട് (ബി) | : | അടിസ്ഥാന ശാസ്ത്രം (ആരോഗ്യ/കായിക വിദ്യാഭ്യാസം/ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം/e@വിദ്യ എന്നിവയുമായി ഉദ്ഗ്രഥിച്ച ചോദ്യങ്ങളും ഉൾപ്പെടുത്തുന്നതാണ്. |
| പാർട്ട് (സി) | : | സാമൂഹ്യശാസ്ത്രം (ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉണ്ടായിരിക്കും). |

**ചോദ്യങ്ങളുടെ എണ്ണവും സ്കോറിന്റെ വിതരണവും താഴെക്കൊടുക്കുന്ന രീതിയിലായിരിക്കും**

**പേപ്പർ I**

| ഭാഗം | വിഷയം | ചോദ്യങ്ങളുടെ എണ്ണം | സ്കോർ |
|---|---|---|---|
| പാർട്ട് (എ) | ഒന്നാം ഭാഷ (ഭാഗം 1) (A.T മലയാളം/കന്നട/തമിഴ്/ അറബി/ഉറുദു/ സംസ്കൃതം) | 15 | 15 |
| പാർട്ട് (ബി) | ഒന്നാം ഭാഷ (ഭാഗം 2) (B.T മലയാളം/കന്നട/തമിഴ്) | 15 | 15 |
| പാർട്ട് (സി) | ഗണിതവും മാനസിക ശേഷിയും | 20 (6 ചോദ്യങ്ങൾ മാനസിക ശേഷിയുമായി ബന്ധപ്പെട്ടതാ യിരിക്കും) | 20 |
| | **ആകെ** | **50** | **50** |

## പേപ്പർ II

| ഭാഗം | വിഷയം | ചോദ്യങ്ങളുടെ എണ്ണം | സ്കോർ |
|---|---|---|---|
| പാർട്ട് (എ) | ഇംഗ്ലീഷ് | 15 | 15 |
| പാർട്ട് (ബി) | അടിസ്ഥാന ശാസ്ത്രം | 15 | 15 |
| പാർട്ട് (സി) | സാമൂഹ്യ ശാസ്ത്രം | 20 (6 ചോദ്യങ്ങൾ ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ടതായിരിക്കും) | 20 |
| | **ആകെ** | **50** | **50** |

- **രണ്ട് പേപ്പറിന്റെയും എല്ലാ പാർട്ടിലെയും എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.**
- ഒരു ചോദ്യത്തിന് ഒരു സ്കോർ വീതം ആണ് പരമാവധി സ്കോർ 100 (പേപ്പർ I = 50, പേപ്പർ II = 50) ആയിരിക്കും.
- ഒരു പേപ്പറിന് ഉത്തരമെഴുതുന്നതിനുള്ള സമയം 105 മിനിറ്റാണ്. ഇതിനുപുറമേ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ 15 മിനിട്ട് സമാശ്വാസ സമയമുണ്ട്.
- ഓരോ വിഷയത്തിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട ഉയർന്ന ശേഷി പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- സാമൂഹ്യ ശാസ്ത്രത്തിലെ 6 ചോദ്യങ്ങൾ ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ടതായിരിക്കും.
- ഗണിതത്തിന്റെ ചോദ്യങ്ങളിൽ മാനസികശേഷി (Mental ability) പരിശോധിക്കുന്നതിനുള്ള 6 ചോദ്യങ്ങളുണ്ടായിരിക്കും.
- ഒന്നാം പേപ്പറിന്റെ പാർട്ട് (എ) യിൽ ഓരോ വിഷയത്തിന്റെയും (ഭാഷ I) ചോദ്യങ്ങൾ 1 **മുതൽ 15 വരെ** ക്രമനമ്പരായിരിക്കും. അതുപോലെ പാർട്ട് (ബി) യിലെ ഓരോ വിഷയത്തിന്റെയും ചോദ്യങ്ങൾ 16 **മുതൽ 30** വരെ ക്രമനമ്പരായിരിക്കും. പാർട്ട് (സി) യിലെ ചോദ്യങ്ങളുടെ ക്രമനമ്പർ **31 മുതൽ 50 വരെ** ആയിരിക്കും.
- പേപ്പർ II ലെ ചോദ്യങ്ങൾ പാർട്ട് (എ) യിലെ ചോദ്യങ്ങൾക്ക് (ഇംഗ്ലീഷ്) 1 **മുതൽ 15 വരെ** ക്രമനമ്പരും, പാർട്ട് (ബി) യിലെ ചോദ്യങ്ങൾക്ക് (അടിസ്ഥാനശാസ്ത്രം) 16 **മുതൽ 30 വരെ** ക്രമനമ്പരും, പാർട്ട് (സി) ലെ ചോദ്യങ്ങൾക്ക് (സാമൂഹ്യശാസ്ത്രം) 31 **മുതൽ 50 വരെ** ക്രമനമ്പരും ആയിരിക്കും.

## 4. പരീക്ഷാ സമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് റവന്യൂ ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. റവന്യൂ ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ (ചെയർമാൻ), ഡയറ്റ് പ്രിൻസിപ്പാൾ (കൺവീനർ), സമഗ്രശിക്ഷാ ഡി.പി.ഒ (മെമ്പർ), ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (മെമ്പർ) എന്നിവരും സബ്ജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ സമഗ്ര ശിക്ഷാ കേരള (മെമ്പർ) എന്നിവരുമടങ്ങിയ സമിതിയായിരിക്കും.

- ➢ റവന്യൂ ജില്ലാതല സമിതിയിൽ അക്കാദമികപരമായ നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി ഫാക്കൽട്ടി അംഗങ്ങളെ ഉൾപ്പെടുത്തുന്നതാണ്.
- ➢ ഈ സമിതി ബഹുമാനപ്പെട്ട പരീക്ഷാകമ്മീഷണറുടേയും പരീക്ഷാ സെക്രട്ടറിയുടേയും നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കും.
- ➢ ഉപജില്ലാതലത്തിൽ പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം തുടങ്ങിയവ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ചുമതലയായിരിക്കും.
- ➢ കൂടാതെ അക്കാദമിക് വിഷയങ്ങൾ എസ്.സി.ഇ.ആർ.ടി യുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഡയറ്റിന്റെ പിന്തുണ പാലിച്ചുകൊണ്ടായിരിക്കും നടത്തുന്നത്.

## 5. പരീക്ഷാകേന്ദ്രം

- ❖ സബ്ജില്ലയിലെ സൗകര്യപ്രദമായ യു.പി/ഹൈസ്കൂളായിരിക്കണം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കേണ്ടത്. പരീക്ഷാകേന്ദ്രത്തിന്റെ തെരഞ്ഞെടുപ്പ് പരീക്ഷാ കേന്ദ്രത്തിന്റെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയായിരിക്കും. (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം). എസ്.എസ്.എൽ.സി. മൂല്യനിർണ്ണയ ക്യാമ്പുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞടുക്കരുത്.
- ❖ ഒരു ക്ലാസ് മുറിയിൽ 20 കുട്ടികൾക്ക് പരീക്ഷ എഴുതാവുന്നതാണ്. ഇപ്രകാരം 200 കുട്ടികൾക്കുവരെ ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതാവുന്നതാണ്. 200 ൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ സബ് ജില്ലാതലത്തിൽ ഒന്നിലേറെ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.
- ❖ ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകേന്ദ്രമായ സ്കൂളിലെ പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക ആയിരിക്കണം ചീഫ് സൂപ്രണ്ട്. ഉപജില്ലയിലെ ഒരു യു.പി വിദ്യാലയത്തിലെ പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക ആയിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്.
- ❖ ഇൻവിജിലേറ്റർമാരായി നിയോഗിക്കേണ്ടത് സബ് ജില്ലകളിൽ നിന്നുള്ള യു.പി വിഭാഗത്തിലെ അധ്യാപകരെ ആയിരിക്കണം.

## 7. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം.:

- ➢ ഉപജില്ലയിൽ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ചീഫ് സൂപ്രണ്ടായിരിക്കും.
- ➢ **ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവർ പ്രസ്തുത സെന്ററിൽ പരീക്ഷയെഴുതുന്ന കുട്ടികളുടെ സ്കൂളുകളിൽ നിന്നുള്ളവരാകരുത്.** ഇൻവിജിലേറ്റർമാരുടെ നിയമന ഉത്തരവ് ബന്ധപ്പെട്ട ഉപജില്ല ഓഫീസർമാർ നൽകേണ്ടതാണ്.
- ➢ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ബന്ധുക്കൾ ആരും തന്നെ ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നില്ല എന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാകേന്ദ്രത്തിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിക്കുന്നതിന് മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ചീഫ് സൂപ്രണ്ട് ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## 8. ചോദ്യപേപ്പർ തയ്യാറാക്കലും വിതരണവും

സി.എം കിഡ്സ് (യു.പി) പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാലു പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 9. ഒ.എം.ആർ. ഷീറ്റ് നിർദ്ദേശങ്ങൾ

- ❖ സി.എം കിഡ്സ് (യു.പി) പരീക്ഷയ്ക്ക് ശേഷം പരീക്ഷാർത്ഥികൾക്ക് ഒ.എം.ആർ. ഷീറ്റിന്റെ കാൻഡിഡേറ്റ് കോപ്പി നൽകുന്നതിനാൽ ഒ.എം.ആർ. ഷീറ്റിന്റെ ഫോട്ടോകോപ്പി നൽകുന്നതല്ല.
- ❖ സി.എം കിഡ്സ് (യു.പി) പരീക്ഷയുടെ ഉത്തരപേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നത് കമ്പ്യൂട്ടർ അധിഷ്ഠിത ഒ.എം.ആർ. വാല്വേഷൻ മുഖേനയാണ്. പരീക്ഷാവേളയിൽ ഒ.എം.ആർ. ഷീറ്റിൽ കൃത്യമായി വിവരങ്ങൾ ബബിൾ ചെയ്യുവാൻ പരീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മൂല്യനിർണ്ണയത്തിൽ ഒ.എം.ആർ. അസാധു ആകുന്നതാണ്. അതുകൊണ്ടുതന്നെ ഒ.എം.ആർ. ഷീറ്റിൽ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ്.
- ❖ ഹാൾടിക്കറ്റിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ പരീക്ഷയ്ക്ക് മുൻപ് തന്നെ തെറ്റ് തിരുത്തി പുതിയ ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഒ.എം.ആർ.ഷീറ്റിൽ ഹാൾടിക്കറ്റിൽ ഉള്ള വിവരങ്ങളിൽ നിന്നും വിപരീതമായി വിവരങ്ങൾ ബബിൾ ചെയ്താൽ ഒ.എം.ആർ. ഷീറ്റ് കമ്പ്യൂട്ടർ വാല്വേഷനിൽ അസാധു ആകുന്നതാണ്. **അസാധുവായ ഒ.എം.ആർ. ഷീറ്റിനെ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല. പരീക്ഷാർത്ഥികൾ ഒ.എം.ആർ. ഷീറ്റിൽ വിവരങ്ങൾ കൃത്യമായി ബബിൾ ചെയ്യേണ്ടതാണ്.**
- ❖ ഒ.എം.ആർ. ഷീറ്റിന്റെ നിശ്ചിതസ്ഥാനത്ത് പരീക്ഷാർത്ഥി (സെറ്റ്) ആൽഫാകോഡ്, റോൾ നമ്പർ രേഖപ്പെടുത്തി ബബിൾ ചെയ്യേണ്ടതാണ്. ഫസ്റ്റ് ലാംഗ്വേജ് (എ.റ്റി.), ഫസ്റ്റ് ലാംഗ്വേജ് (ബി.റ്റി), മീഡിയം, ജെൻഡർ എന്നിവയും തെറ്റ്കൂടാതെ പരീക്ഷാർത്ഥികൾ ബബിൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഒ.എം.ആർ. അസാധു ആകുന്നതാണ്.
- ❖ A, B, C, D എന്നിങ്ങനെ നാല്സെറ്റ് ആൽഫാ കോഡുകളിലാണ് ചോദ്യ ബുക്ക്ലെറ്റുകൾ നൽകുന്നത്.
- ❖ പേപ്പർ - I, II പരീക്ഷകൾക്ക് വ്യത്യസ്ത ഒ.എം.ആർ. ഷീറ്റുകളാണ് സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷാർത്ഥികൾക്ക് ലഭിക്കുന്നത്. **ഒ.എം.ആർ. ഷീറ്റിന്റെ മാതൃക അനുബന്ധമായി പരീക്ഷാവിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

## 10. ഉത്തരക്കടലാസ്സ് മൂല്യനിർണയം

ഒ.എം.ആർ ഷീറ്റുകൾ ഉപയോഗിച്ചാണ് പരീക്ഷ നടത്തുന്നത്. പരീക്ഷാഭവൻ ഇതിനനുസരിച്ച് മൂല്യനിർണയം നിർവഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. രാവിലെ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) പരീക്ഷയ്ക്കുശേഷം ഉച്ചയ്ക്കു മുമ്പു തന്നെ കേടുപാടുകൂടാതെ പായ്ക്ക് ചെയ്ത് സീൽ ചെയ്ത് വയ്ക്കേണ്ടതും, ഉച്ചയ്ക്കുശേഷം നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) കേടുപാടുകൂടാതെ പായ്ക്ക് ചെയ്ത് സീൽവച്ച് സെന്ററിൽ നിന്നും രണ്ട്

പേപ്പറിന്റെയും ഒ.എം.ആർ. ഷീറ്റുകൾ അന്നുതന്നെ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതുമാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പരീക്ഷാഭവൻ ഈ ഉത്തര കടലാസുകൾ നേരിട്ട് ശേഖരിക്കുന്നതാണ്. **ഒ.എം.ആർ. മാതൃകയിലുള്ള പരീക്ഷയായതിനാൽ സി.എം. കിഡ്സ് (യു.പി) പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.**

## 11. *സ്കോളർഷിപ്പ്* ലഭിക്കുന്നതിനുള്ള യോഗ്യത

സൂചന (3) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കോളർഷിപ്പിന് അർഹത നേടാൻ ലഭിയ്ക്കേണ്ട സ്കോർ മൂല്യനിർണ്ണയത്തിന് ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിലുള്ള പരീക്ഷാ ബോർഡ് നിശ്ചയിക്കുന്നതാണ്.

## 12 . ഫലപ്രഖ്യാപനം

ഒ.എം.ആർ വിലയിരുത്തൽ പൂർത്തിയായതിന് ശേഷം പരീക്ഷാഭവൻ ഫല പ്രഖ്യാപനം നടത്തുന്നതാണ്.

## 8. പ്രതിഭാധനരെ തെരഞ്ഞെടുക്കൽ

പ്രതിഭാധനരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷയിൽ ലഭിക്കുന്ന സ്കോർ അനുസരിച്ച് ഇതിലേയ്ക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതാണ്. ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ സംവരണതത്വങ്ങൾ പാലിക്കുന്നതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ സ്കോർ നേടിയ 40 കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്.

| | | |
|---|---|---|
| ഓപ്പൺ വിഭാഗം | - | 30 |
| ഒ.ബി.സി | - | 2 |
| ഒ.ഇ.സി | - | 2 |
| എസ്.സി. വിഭാഗം | - | 2 |
| എസ്.ടി. വിഭാഗം | - | 2 |
| സി.ഡബ്ല്യു.എസ്.എൻ വിഭാഗം | - | 2 |
| **ആകെ** | - | **40** |

ഒ.ഇ.സി വിഭാഗത്തിൽ കുട്ടികൾ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്ന് രണ്ട് പേരെക്കൂടി പരിഗണിക്കും. എസ്.സി. വിഭാഗത്തിൽ നിന്ന് കുട്ടികളില്ലെങ്കിൽ ഉയർന്ന റാങ്ക് നേടിയ രണ്ട് ഒ.ഇ.സി അതുമല്ലെങ്കിൽ ജനറൽ വിഭാഗത്തിലെ രണ്ട് കുട്ടികളെക്കൂടി പരിഗണിക്കുന്നതാണ്. എസ്.ടി. വിഭാഗത്തിൽ കുട്ടികളില്ലെങ്കിൽ രണ്ട് കുട്ടികളെക്കൂടി എസ്. സി. വിഭാഗത്തിൽ നിന്നും പരിഗണിക്കും. ഈ വിഭാഗങ്ങളിൽ കുട്ടികളില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും രണ്ട് പേരെ തെരഞ്ഞെടുക്കുന്നതാണ്. സംവരണ വിഭാഗങ്ങളിലൊന്നും കുട്ടികളില്ലെങ്കിൽ എല്ലാവരേയും ജനറൽ വിഭാഗത്തിൽ നിന്നും

തെരഞ്ഞെടുക്കും. **നിശ്ചിത എണ്ണം വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ ആകെ മാർക്കിൽ ടൈ വരുന്ന അവസരത്തിൽ ഗണിതത്തിന്റെ മാർക്ക് ടൈ ബ്രേക്കിന് പരിഗണിക്കുന്നതായിരിക്കും.**

| |
|---|
| **കുറിപ്പ് :- (ഗവൺമെന്റിന്റെയോ പരീക്ഷാകമ്മീഷണറുടെയോ ഉത്തരവിനു വിധേയമായി പ്രതിഭാധനരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡത്തിൽ മാറ്റം വരാവുന്നതാണ്.)** |

## 13. സർട്ടിഫിക്കറ്റ് വിതരണം, സ്കോളർഷിപ്പ് തുക വിതരണം.

സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും സ്കൂൾ പ്രഥമാധ്യാപകരുടെ ലോഗിൻ മുഖേന വിതരണം ചെയ്യുന്നതാണ്. സ്കോളർഷിപ്പ് തുക അടുത്ത അധ്യയനവർഷം മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെല്ലിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

## 14. പൊതുനിർദ്ദേശങ്ങൾ

- പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങി യവ പരീക്ഷാഭവൻ തയ്യാറാക്കി നൽകും.
- ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബന്ധപ്പെട്ട ഡയറ്റ് ഫാക്കൽറ്റികളുടെ സഹായത്തോടെ പരിശീലനം നൽകണം. പരീക്ഷയിൽ വരുന്ന മാറ്റങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനായി സബ്ജില്ലാതലത്തിൽ പ്രഥമാധ്യാപകരുടെ യോഗത്തിൽ പുതിയ രീതികൾ വിശദീകരിക്കണം. എസ്.ആർ.ജി കൺവീനർമാർക്കും പുതിയ രീതി പരിചയപ്പെടുത്തണം.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാതലത്തിൽ ഡയറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസം അതാതു കേന്ദ്രങ്ങളിൽ പരീക്ഷാ സമിതിയുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.
- ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങൾ ജില്ലാതല പരീക്ഷാ സമിതി മോണിറ്റർ ചെയ്യണം.
- ഒ.എം.ആർ അനുസരിച്ചുള്ള പരീക്ഷ എഴുതുന്നതിനുള്ള പരിശീലനം പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി ഉപജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഒ.എം.ആർ-ൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുവാൻ പരീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. **അപൂർണമായി രേഖപ്പെടുത്തിയ ഒ.എം.ആർ മൂല്യനിർണയം നടത്തുവാൻ സാധിക്കുന്നതല്ല. ഇത് സംബന്ധിച്ചുള്ള പരാതികൾ പിന്നീട് പരിഗണിക്കുന്നതല്ല.**
- ***ഒ.എം.ആർ.ൽ രജിസ്റ്റർ നമ്പർ, ക്വസ്റ്റ്യൻ ബുക്ക്ലറ്റ് നമ്പർ, സെറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുകയും കൃത്യമായ ബബിളുകളിൽ തന്നെ കറുപ്പിക്കുകയും ചെയ്യണം.***
- ***ഒ.എം.ആർ.ൽ മീഡിയവും, ഭാഷയും തെറ്റുകൂടാതെ കൃത്യമായ ബബിളുകളിൽ തന്നെ കറുപ്പിക്കേണ്ടതാണ്.***

> <u>*ഒ.എം.ആർ-ൽ മേൽ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് തെറ്റുകൂടാതെ കുട്ടികൾ ചെയ്തിട്ടുണ്ടെന്ന് ഇൻവിജിലേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.*</u>

> പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

## <u>അനുബന്ധം</u>

## <u>സിഎം. കിഡ്സ് സ്കോളർഷിപ്പ് (യു.പി). പരീക്ഷ - ഘടന</u>

| നമ്പർ | പേപ്പർ | സമയം | ഭാഗം | വിഷയ വിശദാംശങ്ങൾ | ചോദ്യങ്ങളുടെ എണ്ണം | സ്കോർ വിശദാംശങ്ങൾ | സ്കോർ |
|---|---|---|---|---|---|---|---|
| 1 | പേപ്പർ I | 2 മണിക്കൂർ | പാർട്ട് (എ) | ഒന്നാം ഭാഷ (ഭാഗം 1) (A.T മലയാളം/കന്നട/തമിഴ്/ അറബി/ഉറുദു/ സംസ്കൃതം) | 15 | 15x1=15 | 15 |
| | | | പാർട്ട് (ബി) | ഒന്നാം ഭാഷ (ഭാഗം 2) (B.T മലയാളം/കന്നട/തമിഴ്) | 15 | 15x1=15 | 15 |
| | | | പാർട്ട് (സി) | ഗണിതവും മാനസിക ശേഷിയും | 20 | 20x1=20 | 20 |
| ആകെ | | | | | 50 | 50X1=50 | 50 |
| 2 | പേപ്പർ II | 2 മണിക്കൂർ | പാർട്ട് (എ) | ഇംഗ്ലീഷ് | 15 | 15x1=15 | 15 |
| | | | പാർട്ട് (ബി) | അടിസ്ഥാന ശാസ്ത്രം | 15 | 15x1=15 | 15 |
| | | | പാർട്ട് (സി) | സാമൂഹ്യ ശാസ്ത്രം | 20 | 20x1=20 | 20 |
| | | | | ആകെ | 50 | 50X1=50 | 50 |

# സിഎം. കിഡ്സ് സ്കോളർഷിപ്പ് (യു.പി). പരീക്ഷയുടെ പ്രവർത്തന കലണ്ടർ

| ക്രമ. നം. | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1. | പരീക്ഷാഭവനിൽ നിന്നും വെബ്സൈറ്റ് ആക്ടീവ് ആക്കുന്ന തീയതി | 23/12/2025 |
| 2. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വെബ്സൈറ്റ് സജ്ജമാക്കേണ്ട അവസാന തീയതി | 27/12/2025 |
| 3. | സ്കൂൾ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | 30/12/2025 |
| 4. | രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട തീയതി | 15/01/2026 |
| 5. | പരീക്ഷാർത്ഥികളുടെ അന്തിമ പട്ടിക എ.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ട തീയതി | 17/01/2026 |
| 6. | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 29/01/2026 |
| 7. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 05/02/2026 |
| 8. | പ്രധാനാധ്യാപകൻ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട അവസാന തീയതി | 07/02/2026 |
| 9. | സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി) സ്കോളർഷിപ്പ് പരീക്ഷയുടെ തീയതി | 26/02/2026 |

പരീക്ഷാ കമ്മീഷണർ

# 1. മാതൃകാചോദ്യങ്ങൾ

## ഗണിതം

1. $\frac{2}{3} \times \frac{3}{4}$ നെക്കുറിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

   i. $\frac{1}{3}$ നേക്കാൾ കൂടുതലാണ്

   ii. 1 നേക്കാൾ കൂടുതലാണ്

   iii. $\frac{2}{3}$ നേക്കാൾ കുറവാണ്

   iv. $\frac{1}{2}$ നേക്കാൾ കുറവാണ്


   A. i ഉം ii ഉം

   B. ii ഉം iv ഉം

   C. i ഉം iii ഉം

   D. i ഉം iv ഉം

2. 5 സെമീ ആരമുള്ള വൃത്തത്തിനകത്ത് ഒരു സമചതുരം വരച്ച ചിത്രമാണ് ചുവടെയുള്ളത്. ഇതുമായി ബന്ധപ്പെട്ട ഒരു പ്രസ്താവനയും കാരണവും കൊടുത്തിരിക്കുന്നു.



**പ്രസ്താവന:** *സമചതുരത്തിന്റെ പരപ്പളവ് 50 ചതുരശ്രസെന്റിമീറ്ററാണ്.*

**കാരണം:** *സമചതുരത്തിന്റെ ഒരു വശം 12.5 സെന്റിമീറ്ററാണ്.*

ചുവടെ കൊടുത്തവയിൽ ശരിയേത്?

   **A.** പ്രസ്താവനയും കാരണവും ശരിയാണ്.

   **B.** പ്രസ്താവനയും കാരണവും തെറ്റാണ്

   **C.** പ്രസ്താവന ശരിയാണ് കാരണം തെറ്റാണ്.

   **D.** പ്രസ്താവന തെറ്റാണ് കാരണം ശരിയാണ്.

3. ചില മട്ടത്രികോണങ്ങളുടെ രണ്ട് വശങ്ങളുടെ അളവുകൾ A കോളത്തിലും മൂന്നാമത്തെ വശത്തിന്റെ അളവ് B കോളത്തിലും കൊടുത്തിരിക്കുന്നു. ശരിയായി യോജിപ്പിച്ചെഴുതിയത് താഴെ കൊടുത്തവയിൽ ഏതാണ് ?

| A | B |
|---|---|
| 1. 3, 4 | a. 7 |
| 2. 12, 5 | b. 5 |
| 3. 10, 6 | c. 13 |
| 4. 24, 25 | d. 8 |

**A.** 1 – b 2 – c 3 – d 4 – a

**B.** 1 – b 2 – c 3 – a 4 – d

**C.** 1 – b 2 – d 3 – c 4 – a

**D.** 1 – b 2 – a 3 – d 4 – a

**4.** $4^2 \times 2^2 \times 3^2 \times 6^2$ എന്ന സംഖ്യയെക്കുറിച്ച് ശരിയായ പ്രസ്താവന ഏത് ?

**A.** 81 ഘടകങ്ങളുണ്ട്

**B.** ഒന്നിന്റെ സ്ഥാനത്ത് 8 ആണ്.

**C.** 45 ഘടകങ്ങളുണ്ട്.

**D.** 3 അഭാജ്യ ഘടകങ്ങൾ ഉണ്ട്.

**5.** $\frac{2}{3}$ മീറ്റർ നീളമുള്ള എത്ര കഷണം റിബണുകൾ അറ്റത്തോടറ്റം ചേർത്തുവച്ചാൽ $3\frac{1}{3}$ മീറ്ററാകും ?

A. 5

B. 10

C. 8

D. 15

**6.** ചില സംഖ്യകളെ താഴെ കൊടുത്ത പ്രകാരം കോഡ് ചെയ്തിരിക്കുന്നു.

1234 = 20

3456 = 36

4567 = 44

ഇതേ രീതിയിൽ 5678 നെ കോഡ് ചെയ്താൽ താഴെ കൊടുത്തവയിൽ ഏതാണ് ശരി ?

A. 26

B. 52

C. 104

D. 62

## സാമൂഹ്യശാസ്ത്രം

**1.** താഴെ പറയുന്ന പ്രസ്താവനകളിൽ ബോധപൂർവമായ അരികുവൽക്കരണത്തെ സാധൂകരിക്കുന്ന പ്രസ്താവനകളേത് ?

i. മുൻവിധിയോടെ ചില സാമൂഹികവിഭാഗങ്ങളെ അവരുടെ ജാതിയുടേയോ മതത്തിന്റേയോ പേരിൽ ഒഴിവാക്കുക.

ii. പ്രകൃതിദുരന്തം മൂലം വസ്തുവകകൾ നഷ്ടപ്പെടുക.

iii. കഴിവുകൾ ഉണ്ടായിട്ടും തൊഴിലും വിദ്യാഭ്യാസവും നിഷേധിക്കുക.

iv. അവസരങ്ങളുണ്ടായിട്ടും നല്കാതിരിക്കുക.

**A.** i, ii, iii പ്രസ്താവനകൾ ശരിയാണ്

**B.** ii ,iii ,iv പ്രസ്താവനകൾ ശരിയാണ്

C. i ,iii ,iv പ്രസ്താവനകൾ ശരിയാണ്

D. i ,ii ,iv പ്രസ്താവനകൾ ശരിയാണ്

2. താഴെ കൊടുത്ത പ്രസ്താവനകൾ വായിക്കുക.

i. മാൻ്റിലിനു താഴെ ഖരാവസ്ഥയിലുള്ള ഭാഗമാണ് ഭൂവൽക്കം

ii. ഭൂവൽക്കത്തിനു താഴെയുള്ള ഭാഗമാണ് മാൻ്റിൽ

iii. ഭൂമിയുടെ ഏറ്റവും പുറമേയുള്ള ഭാഗമാണ് പുറക്കാമ്പ്

iv. ഭൂമിക്കുള്ളിലെ ദ്രാവകാവസ്ഥയിലുള്ള ഭാഗമാണ് അകക്കാമ്പ്

ശരിയായ ഉത്തരമേത് ?

A. i, ii, iii, iv തെറ്റാണ്

B. ii, iii, iv പ്രസ്താവനകൾ തെറ്റാണ്

C. പ്രസ്താവന ii മാത്രം ശരിയാണ്

D. i, ii, iii, iv ശരിയാണ്

3.

| | |
|---|---|
| 1. സ്ട്രാറ്റോസ്ഫിയർ | i. പൊടിപടലങ്ങളും ജലബാഷ്പവും കൂടുതലുള്ള പാളി |
| 2. മിസോസ്ഫിയർ | ii. ഉയരം കൂടും തോറും താപനിലകൂടി വരുന്നു |
| 3. ട്രോപ്പോസ്ഫിയർ | iii. ഓസോൺപാളി കാണപ്പെടുന്നു. |
| 4. തെർമോസ്ഫിയർ | iv. ഉൽക്കകൾ മിക്കതും കത്തിച്ചാമ്പലാകുന്ന പാളി |

ചേരും പടിചേരുന്നതേത് ?

A. 1 – iii, 2 – ii, 3 – iii, 4 – iv

B. 1 – ii, 2 – iii, 3 – iv, 4 – i

C. 4 – I, 3 – ii, 2 – iii, 1 – iv

D. 1 – iii, 2 – iv, 3 – i, 4 – ii

4. ഒരു പ്രദേശത്തെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

i. അക്ഷാംശ സ്ഥാനം, ഭൂപ്രകൃതി, സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, ജനങ്ങളുടെ വസ്ത്രധാരണം

ii. അക്ഷാംശസ്ഥാനം, ഭൂപ്രകൃതി, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്രസാമീപ്യം

iii. സമുദ്രസാമീപ്യം, കാറ്റ്, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, അക്ഷാംശസ്ഥാനം

iv. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്രസാമീപ്യം, ഭൂപ്രകൃതി, അക്ഷാംശസ്ഥാനം

A. പ്രസ്താവന i ,ii ,iii ,iv തെറ്റാണ്

B. പ്രസ്താവന i ,ii ,iii ,iv ശരിയാണ്

C. പ്രസ്താവന i ,iii ,iv തെറ്റാണ്

D. പ്രസ്താവന ii ,iii ,iv ശരിയാണ്

5. താഴെ പറയുന്നവയിൽ ഭക്ഷ്യവിളകൾ മാത്രം ഉൾപ്പെടുന്ന കൂട്ടം

i. നെല്ല്, ഗോതമ്പ്, ചോളം, കരിമ്പ്

ii. പരുത്തി, നെല്ല്, ചണം, റബ്ബർ

iii. റബ്ബർ, റാഗി, നെല്ല്, പരുത്തി

iv. നെല്ല്, ചോളം, റാഗി, ഗോതമ്പ്

**A.** i ,iv ഭക്ഷ്യവിളകളാണ്

**B.** iv മാത്രം ഭക്ഷ്യവിളകളാണ്

**C.** i ,ii ,iii ,iv ഭക്ഷ്യവിളകളാണ്

**D.** i ,ii ,iv ഭക്ഷ്യവിളകളാണ്

## അടിസ്ഥാനശാസ്ത്രം

1. തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

   i. എല്ലാ സസ്യങ്ങളിലും ലൈംഗിക പ്രത്യുൽപാദനം, കായിക പ്രജനനം എന്നിവയിൽ ഏതെങ്കിലും ഒന്നുമാത്രമേ സംഭവിക്കൂ.

   ii. പതിവെക്കൽ കൃത്രിമ കായിക പ്രജനനമാണ്.

   iii. തിരഞ്ഞെടുത്ത സസ്യങ്ങൾ തമ്മിലാണ് പരാഗണം നടന്നത് എന്ന് ഉറപ്പുവരുത്താനാണ് കൃത്രിമ പരാഗണം നടത്തുന്നത്.

   **A.** i, ii ശരിയാണ്.

   **B.** ii, iii ശരിയാണ്.

   **C.** i, iii ശരിയാണ്.

   **D.** i, ii, iii ശരിയാണ്.

2. പട്ടിക നിരീക്ഷിക്കൂ.

| ദ്രാവകം | പിങ്ക് പതിമുകവെള്ളത്തിന്റെ നിറം |
|---|---|
| ദ്രാവകം 1 | പിങ്ക് |
| ദ്രാവകം 2 | മഞ്ഞ |
| ദ്രാവകം 3 | മഞ്ഞ |
| ദ്രാവകം 4 | പിങ്ക് |

ഇവയിൽ ഏത് ദ്രാവകങ്ങളിലാണ് നീല ലിറ്റ്മസ് പേപ്പർ ചുവപ്പുനിറം കാണിക്കുക?

   **A.** ദ്രാവകം 1 ലും 4 ലും

   **B.** ദ്രാവകം 2 ലും 3 ലും

   **C.** എല്ലാ ദ്രാവകങ്ങളിലും

   **D.** ഒരു ദ്രാവകത്തിലും നീല ലിറ്റ്മസ് പേപ്പർ ചുവപ്പുനിറം കാണിക്കില്ല.

3. ചിത്രം നിരീക്ഷിക്കൂ.സ്വിച്ച് ഓൺ ചെയ്താൽ എന്ത് സംഭവിക്കും .




   **A.** മിനിമോട്ടോർ പ്രവർത്തിക്കും.

   **B.** LED പ്രവർത്തിക്കും.

   **C.** മിനിമോട്ടോറും LED യും പ്രവർത്തിക്കും.

   **D.** രണ്ടും പ്രവർത്തിക്കില്ല.

4. സൂര്യൻ എന്നും രാവിലെ കിഴക്ക് ഉദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നു. എന്നാൽ ചന്ദ്രൻ ഓരോ ദിവസവും ഓരോ സമയത്താണ് കിഴക്ക് ഉദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നത്. താഴെത്തന്നിരിക്കുന്നവയിൽ ഇതിന്റെ കാരണങ്ങളിൽ വരുന്ന പ്രസ്താവനകൾ ഏവ?

i. ചന്ദ്രൻ $27\frac{1}{3}$ ദിവസം എടുത്ത് ഭൂമിയെ പരിക്രമണം ചെയ്യുന്നു.

II. ഭൂമി 24 മണിക്കൂർകൊണ്ട് സ്വയം തിരിയുന്നു.

III. ഭൂമി 365 ദിവസമെടുത്ത് സൂര്യനെ ചുറ്റുന്നു.

**A.** പ്രസ്താവന i ഉം ii ഉം കാരണമാണ്.

**B.** പ്രസ്താവന ii ഉം iii ഉം കാരണമാണ് .

**C.** പ്രസ്താവന i ഉം iii ഉം കാരണമാണ്.

**D.** i ഉം ii ഉം iii ഉം കാരണമാണ്.

**4.** ഒരു പ്രദേശത്ത് കോളറ പടർന്നുപിടിക്കുന്നു .കോളറയുടെ വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനായി ആ പ്രദേശം സന്ദർശിക്കുമ്പോൾ എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കേണ്ടത് ?


**A.** വ്യായാമമില്ലായ്മ, ശുദ്ധജല ലഭ്യത, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ജങ്ക് ഫുഡ് ഉപയോഗം

**B.** കിണറുകളുടെ ശുചിത്വം, ജങ്ക് ഫുഡ് ഉപയോഗം, രോഗികളെ മാറ്റിപ്പാർപ്പിക്കൽ, അടുക്കളയിലെ ശുചിത്വം

**C.** വ്യായാമമില്ലായ്മ, ശുദ്ധജല ലഭ്യത, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, രോഗികളെ മാറ്റിപ്പാർപ്പിക്കൽ

**D.** കിണറുകളുടെ ശുചിത്വം, ശുദ്ധജല ലഭ്യത, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, അടുക്കളയിലെ ശുചിത്വം

**5.** ജലം വിതാനം പാലിക്കുന്നു എന്ന് തെളിയിക്കുന്നതിനുള്ള പരീക്ഷണം ചെയ്യുന്നതിനുവേണ്ടി നിർമ്മിക്കാവുന്ന ഒരു ഉപകരണം തന്നിരിക്കുന്നവയിൽ ഏതാണ്?




**A.** i, ii

**B.** iii, iv

**C.** ii മാത്രം

**D.** ii, iii

**6.** എന്തിന്റെ അടിസ്ഥാനത്തിലാണ് ഒരു അരിപ്പയിലെ ദ്വാരങ്ങളുടെ വലുപ്പം തീരുമാനിക്കുന്നത്?

i. അരിച്ചുമാറ്റേണ്ട കണികകളുടെ വലുപ്പം.

ii. അരിച്ചശേഷം ലഭിക്കേണ്ട കണികകളുടെ വലുപ്പം.

iii. അരിച്ചുമാറ്റേണ്ട കണികകളുടെ ആകൃതി.

**A.** i ഉം ii ഉം

**B.** i മാത്രം

**C.** ii മാത്രം

**D.** i ഉം ii ഉം iii ഉം

## മലയാളം

1. മീനോളം എന്ന നാടകത്തിൽ 'എന്താണ് അമ്മേ ഈ കടൽ ?' എന്ന ചോദ്യത്തിന് ഉത്തരം തേടിപ്പോയ കുഞ്ഞു മീനിന് അറിയാൻ കഴിഞ്ഞത് എന്ത്?
   i. കടൽ മീനുകളുടെ മാത്രം ആവാസ കേന്ദ്രമാണ്.
   ii. കടലിനപ്പുറമുള്ള മാനത്തിന്റെ പരപ്പും കടലിന്റെ ആഴവും.
   iii. കടലിനപ്പുറം ഒരു ലോകമേ ഇല്ല.
   iv. അറിവിന്റെ കടലും ആഴവും മാറിക്കൊണ്ടിരിക്കും.
      A. i ഉം ii ഉം ശരി
      B. ii ഉം iii ഉം ശരി
      C. iii ഉം iv ഉം ശരി
      D. ii ഉം iv ഉം ശരി
2. ഗാസയിലെ ജനങ്ങൾ ഒരിറ്റുജലത്തിനും ഒരു നേരത്തെ ആഹാരത്തിനുമായി വളരെയേറെ കഷ്ടപ്പെടുന്നുണ്ട് ഈ .വാർത്തയോട് ഏറ്റവും യോജിക്കുന്ന ശൈലികൾ ഏതെല്ലാം ?
   i. നെട്ടോട്ടമോടുക
   ii. ഇഞ്ചി കടിക്കുക
   iii. ചെണ്ട കൊട്ടിക്കുക
   iv. ചക്രം ചവിട്ടുക
      A. i ഉം ii ഉം ശരി
      B. i ഉം iv ഉം ശരി
      C. ii ഉം iv ഉം ശരി
      D. എല്ലാം ശരി
3. സുഗതകുമാരിയുടെ അഭിപ്രായത്തിൽ 'പ്രകൃതിയൊരുക്കുന്ന കുറിഞ്ഞിപ്പൂക്കളുടെ വിസ്മയം' ആർക്കുവേണ്ടിയാണ് ?
      A. വിനോദസഞ്ചാരികൾക്ക്.
      B. പുതിയ തലമുറയ്ക്ക്.
      C. ഭൂമിയെന്ന അമ്മയ്ക്ക്.
      D. പുഷ്പോത്സവം നടത്തുന്നവർക്ക്.
4. "കിളി അയാളോട് സംസാരിക്കുന്നു", എന്ന കഥയിൽ കിളിയുടെ ഭാഷ അയാൾക്ക് മനസ്സിലായി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?
   i. കിളികൾക്ക് സംസാരിക്കാൻ കഴിയും.
   ii. കഥാനായകൻ പ്രകൃതിയിൽ സൗഹൃദം കണ്ടെത്തുന്നു.
   iii. കഥാനായകൻ കിളികളുടെ ഭാഷ പഠിച്ചിട്ടുണ്ട്.
   iv. പ്രകൃതിയിലെ ജീവജാലങ്ങൾക്ക് മനുഷ്യരോട് അടുപ്പം ഉണ്ടാകുന്നു.
      A. i ഉം iv ഉം ശരി
      B. ii ഉം iv ഉം ശരി
      C. iii ഉം iv ഉം ശരി
      D. i ഉം iii ഉം ശരി
5. "പൂമ്പാറ്റകളൊക്കെ കാറ്റിന് എന്നെ വിട്ടു കൊടുക്കാതെ വന്നു പൊതിഞ്ഞു നിന്നു". ഈ പ്രയോഗത്തിലൂടെ യാത്രികൻ സൂചിപ്പിക്കുന്നത് എന്ത് ?
   i. പൂമ്പാറ്റകളുടെ ആധിക്യം കാടിനു നൽകിയിരിക്കുന്ന മനോഹാരിത.
   ii. കാട്ടിൽ ഭയങ്കരമായ കാറ്റ് വീശിക്കൊണ്ടിരുന്നു.
   iii. യാത്രികന് ചുറ്റും നിറഞ്ഞുനിന്ന പൂമ്പാറ്റകൾ അത്ഭുതകരമായ കാഴ്ചയാണ് .
   iv. പൂമ്പാറ്റകൾ യാത്രികനെ ആക്രമിക്കാനായി പറന്നടുത്തു.

A. i ഉം iv ഉം ശരി

B. ii ഉം iii ഉം ശരി

C. i ഉം iii ഉം ശരി

D. ii ഉം iv ഉം ശരി

6. മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന്ന പെറ്റമ്മ തൻ ഭാഷ താൻ എന്ന വരികളിലെ ആശയത്തോട് ചേർന്ന് നിൽക്കുന്ന പ്രസ്താവന ഏത് ?

i. മനുഷ്യർ ചിന്തിക്കുന്നത് മാതൃഭാഷയിലാണ്.

ii. വലിയ ജോലികൾ നേടാൻ മാതൃഭാഷ സഹായിക്കും.

iii. മാതൃഭാഷ സംസ്കാരം തന്നെയാണ്.

iv. ലോകത്തെവിടെയും സഞ്ചരിക്കുന്നതിന് മാതൃഭാഷ അറിഞ്ഞിരിക്കണം.

A. i ഉം ii ഉം

B. iii ഉം iv ഉം

C. i ഉം iii ഉം

D. i ഉം iv ഉം

## English

**Read the passage and choose the best alternative.**

On Christmas Eve during the war, soldiers from both sides left their trenches, shook hands, sang carols and shared food. For a short while, the battlefield turned into a place of friendship instead of fear. Years later, a letter describing this event was found in an old desk, reminding the reader that even in war, humanity can shine through.

1. The Christmas meeting between the soldiers shows—
   - **A.** People can forget hatred when they see each other as humans.
   - **B.** War is always peaceful.
   - **C.** Soldiers support fighting.
   - **D.** The pain of war.

2. Consider these statements: Which one is more appropriate to the context?
   - i. The soldiers sang carols and exchanged food.
   - ii. The event shows that friendship is stronger than war.
   - iii. The soldiers completely ended the war.
   - iv. Even in war, humanity can shine.
   - **A.** i, ii and iv are correct
   - **B.** Only iii is correct
   - **C.** Only i is correct
   - **D.** All are correct

3. Which option best captures the overall message of the passage?
   - i. War destroys friendship.
   - ii. Humanity can overcome divisions.
   - iii. Objects like old desks are more valuable than people.
   - iv. Even in dark times, hope survives.
   - **A.** ii and iv are correct
   - **B.** i and iii are correct
   - **C.** Only ii is correct
   - **D.** All are correct

4. The passage says: "The battlefield turned into a place of friendship instead of fear." Which word can best replace 'turned into' without changing the meaning?
   - **A.** became
   - **B.** becoming
   - **C.** becomes
   - **D.** become
5. Read this "left their trenches, shook hands, sang carols, and shared food". Pick the odd group out from the following.
   - **A.** Group 1: left, hands, sang, shared
   - **B.** Group 2: shook, trenches, hands, left
   - **C.** Group 3: sang, hands, shred, left
   - **D.** Group 4: shared, left, sang, shook
6. Match the phrases with the correct missing words:

| | |
|---|---|
| 1. left their trenches ___ Christmas Eve | a) on |
| 2. shared food ___ each other | b) with |
| 3. found ___ an old desk | c) in |

   - **A.** 1-a, 2-b, 3-c
   - **B.** 1-b, 2-c, 3-a
   - **C.** 1-c, 2-a, 3-b
   - **D.** 1-a, 2-c, 3-b

**The Road Not Taken**

Two roads diverged in a yellow wood,
And sorry I could not travel both
And be one traveler, long I stood
And looked down one as far as I could
To where it bent in the undergrowth;

Then took the other, as just as fair,
And having perhaps the better claim,
Because it was grassy and wanted wear;
Though as for that the passing there
Had worn them really about the same,

And both that morning equally lay
In leaves no step had trodden black.

Oh, I kept the first for another day!
Yet knowing how way leads on to way,
I doubted if I should ever come back.

I shall be telling this with a sigh
Somewhere ages and ages hence:
Two roads diverged in a wood, and I—
I took the one less travelled by,
And that has made all the difference.

7. The "two roads" in the poem mainly symbolize—

   **A.** paths in a forest

   **B.** choices in life

   **C.** accidents

   **D.** holiday journeys

8. Consider the following statements. Select the most appropriate one

   i. The poet wishes he could take both roads.

   ii. The poet carefully chooses the less travelled road.

   iii. The poem is about the beauty of forests only.

   iv. The two roads represent different decisions taken in our life.

   **A.** i, ii and iv are correct

   **B.** Only iii is correct

   **C.** i and iii are correct

   **D.** All are correct

9. **Assertion (A)**: The poet feels "sorry" in the beginning.

   **Reason (R)**: He knows he cannot take both paths and must make a choice.

   **A.** Both A and R are true, and R is the correct explanation for A.

   **B.** Both A and R are true, but R is not the correct explanation for A.

   **C.** A is true, but R is false.

   **D.** A is false, but R is true.

# Kannada

1. ಚಂದ್ರಲೋಕದ ಒಳಿತು ಇಳಿದು ಬರಲಿ ಧರೆಗೆ
ಇಲ್ಲಿನ ಕೆಡುಕಲ್ಲಿಗೇರದಿರಲಿ.

'ಚಂದ್ರಯಾನಿಗಳಿಗೆ' ಕವನದ ಈ ಸಾಲುಗಳ ಮುಖ್ಯ ಆಶಯವೇನು?

A ಚಂದ್ರನು ಧರೆಗೆ ಇಳಿದು ಬಂದು ಇಲ್ಲಿ ಒಳಿತಾಗಲಿ.

B ಚಂದ್ರನಲ್ಲಿರುವ ಒಳಿತು ಭೂಮಿಗೆ ಬಂದರೂ ಇಲ್ಲಿಯ ಕೆಡುಕುಗಳು ಚಂದ್ರಲೋಕಕ್ಕೆ ತಲುಪದಿರಲಿ.

C ಚಂದ್ರಲೋಕದ ಕೆಡುಕುಗಳು ಹೆಚ್ಚಾದರೂ ಅಲ್ಲಿರುವ ಒಳಿತುಗಳು ಧರೆಗೆ ಬರಲಿ.

D ಧರೆಯಲ್ಲಿರುವ ಒಳಿತು ಕೆಡುಕುಗಳೆಲ್ಲ ಚಂದ್ರಲೋಕಕ್ಕೆ ಏರಲಿ.

2. ರಮೇಶನು ಪಡೆದ ಸಾಲವನ್ನು ಹಿಂತಿರುಗಿಸದೆ ಸತೀಶನಿಗೆ <u>ಮೋಸ ಮಾಡಿದನು</u>.

ಇಲ್ಲಿ ಅಡಿಗೆರೆ ಎಳೆದ ಪದಕ್ಕೆ ಸೂಕ್ತವಾದ ನುಡಿಗಟ್ಟು ಯಾವುದು?

a. ಕಾಲಿಗೆ ಬುದ್ಧಿ ಹೇಳು

b. ಟೋಪಿ ಹಾಕು.

c. ತಲೆದೂಗು

d. ಕಣ್ಣಿಗೆ ಮಣ್ಣೆರಚು.

A a ಮತ್ತು b

B b ಮತ್ತು c

C c ಮತ್ತು d

D b ಮತ್ತು d

3. 'ಸೋಲೇ ಗೆಲುವಿನ ಸೋಪಾನ' ಈ ಮಾತಿನ ಅರ್ಥವೇನು?

a. ಗೆಲುವಿಗಿಂತ ಮೊದಲು ಸೋಲು ಅನಿವಾರ್ಯ.

b. ಸೋಲು ಹಾಗೂ ಗೆಲುವನ್ನು ಸಮಾನವಾಗಿ ಕಾಣಬೇಕು.

c. ಸೋಲು ಅನುಭವ ಹಾಗೂ ಮುಂದಿನ ಗೆಲುವಿಗೆ ಬೇಕಾದ ಶಕ್ತಿಯನ್ನು ನೀಡುವುದು.

d. ಸೋತರೆ ಗೆಲುವಿಗಾಗಿ ಪ್ರಯತ್ನಿಸುವ ಅಗತ್ಯವಿಲ್ಲ.

A a ಮತ್ತು b

B b ಮತ್ತು d

C c ಮಾತ್ರ

D a ಮತ್ತು d

4. ಕೆಳಗಿನವುಗಳಲ್ಲಿ 'ಪೆನ್ನು' ಉತ್ತರವಾಗಿ ಸಿಗುವಂತೆ ಸೂಕ್ತವಾದ ಒಗಟು ಯಾವುದು?

A ನನ್ನ ನಾಲಗೆ ಚೂಪು. ನೀರು ಹಾಕುತ್ತ ರೂಪ ಕೊಡುವೆ.

B ನನ್ನ ಹಿಡಿದು ಗೀಚಿದರೆ ರೂಪ ಸಿಗುವುದು. ಮಕ್ಕಳಿಗೆ ನಾನು ಬೇಕೇ ಬೇಕು.

C ಲೇಖಪಾಲಕರ ಒಡೆಯ ನನ್ನನ್ನು ಯಾರೂ ಬಡಿಯ.

D ನಾನು ಚೂಪಾಗಿರುವೆ ಆಯುಧವಲ್ಲ. ರಕ್ತ ಕಾರುವೆ ರೋಗಿಯಲ್ಲ. ಗೀಚಲು ರೂಪ ಕೊಡುವೆ. ಚಿತ್ರಗಾರನೇ ಅಲ್ಲ.

5. ಕವನದ ಈ ಸಾಲುಗಳಿಗೆ ಸೂಕ್ತವಾಗಿ ಹೊಂದುಕೊಳ್ಳುವ ಹೇಳಿಕೆ ಯಾವುದು?

ಭಾಷಿಕ ಗಡಿಗಳ ಮೀರಿ ಬೆಳೆಯಲು
ಮಾನವತೆಯೊಂದೇ ಸಾಕು.

a. ಭಾಷೆಗಳೊಳಗಿನ ಅಂತರವನ್ನು ಮೀರಿ ನಾವು ಒಗ್ಗಟ್ಟಿನಿಂದ ಬಾಳಬೇಕು.

b. ದೇಶದ ಗಡಿಗಳನ್ನು ದಾಟಿ ಮಾನವ ಹೋಗಬಾರದು.

c. ಮಾನವೀಯ ಗುಣವಿದ್ದಲ್ಲಿ , ಇತರ ಭಾಷೆಗಳಿಗೆ ಗೌರವ ನೀಡದೆ ತನ್ನ ಮಾತ್ರ ಭಾಷೆಯನ್ನೇ ಪ್ರೀತಿಸಬೇಕು.

d. ಮಾನವೀಯ ಗುಣವಿದ್ದಲ್ಲಿ ಇತರ ಭಾಷೆಗಳನ್ನು ಗೌರವಿಸಲು ನಮಗೆ ಸಾಧ್ಯವಾಗುವುದು.

A a ಮತ್ತು c

B b ಮತ್ತು c

C a ಮತ್ತು d

D c ಮತ್ತು d

6. 'ಬೆಂಕಿಗೆ ಎಣ್ಣೆ ಸುರಿದಂತಾಯಿತು' ಎನ್ನುವ ವಾಕ್ಯವು ಏನನ್ನು ಸೂಚಿಸುವುದು?

A ಸಂತೋಷ ಹೆಚ್ಚಾಯಿತು.

B ಕೋಪ ಇನ್ನಷ್ಟು ಹೆಚ್ಚಾಯಿತು.

C ದುಃಖ ಅಧಿಕವಾಯಿತು.

D ಸಿಟ್ಟು ತಣ್ಣಗಾಯಿತು.

## Tamil

1. "பூசுகின்ற ஒப்பனையால் முகம் மாற்றல் போல் பூமியினை மாற்றி விட்டோம் செயற்கை பூச்சால்' –என்று கவிஞர் கூறக் காரணம் என்ன?

   i. வீசும் காற்றில் நஞ்சை சேர்த்ததால்.
   ii. மூச்சுக்காற்றைத் தூய்மையாக்கும் மரத்தை வளர்ப்பதால்.
   iii. இயற்கையை பேணிப் பாதுகாப்பதால்.
   iv. பூமியின் வெப்பத்தை அதிகரித்து ஓசோன் படலத்தில் துளையை ஏற்படுத்துவதால்.

   A. i உம் ii உம் சரி
   B. ii உம் iii உம் சரி
   C. iii உம் iv உம் சரி
   D. i உம் ii உம் iv உம் சரி

2. " ஊரே உடுத்திருந்த பச்சை நெசவு எங்கே" என்று தொடரும் கவிதையில் கவிஞர் வைரமுத்து எதைத் தேடுகிறார்.

   A. கிராமத்தின் அழகை.
   B. காட்டின் அழகை
   C. கடலின் அழகை
   D. கார்முகிலின் அழகை

3. கீழ்காணும் கூற்றுகளில் சரியான கூற்றுகள் எவை?

   i. மேலோர், கீழோர் இல்லை அனைவரும் சமம்.
   ii. வான் தந்த செல்வம் அனைவருக்கும் சொந்தம்.
   iii. இல்லாதோர்க்கு அளித்து இன்புற வேண்டும்.
   iv. பிறருக்கு உதவக் கூடாது.

   A. i உம் ii உம் சரி
   B. iii உம் iv உம் சரி
   C. ii உம் iii உம் சரி
   D. i உம் ii உம் iii உம் சரி

# PAREEKSHA BHAVAN KERALA, THIRUVANANTHAPURAM

## C M KIDS SCHOLARSHIP (U P) EXAMINATION – 2026

GOVERNMENT OF KERALA

**ORIGINAL COPY**

## PAPER - I

**IMPORTANT INSTRUCTIONS**

1. Marks should be dark and completely fill in the appropriate circles. Mark the circles corresponding to one alternative out of A, B, C, D which you think is correct answer to an item given in the Question Booklet as per the example.

| Correct Method | Wrong Method |
|---|---|
| ● Ⓑ Ⓒ Ⓓ | ✗ ✗ ● ◉ |

2. Use only Blue/Black Ball Point Pen to fill the OMR Sheet.
3. There should be no stray marks on the sheet or on the barcode. Darken only one circle for every question.
4. Do not fold or damage the sheet.
5. All Questions carry one mark each.
6. **In Paper I, there are Fifty (50) Questions, Candidates Can answer all the questions. Marks of 45 questions as instructed in part A, B, C of the answering part with correct answers only will be considered.**

Name of the Candidate (Leave a box blank between each part of the name)

Roll Number (as given in Admission Card CM KIDS SCHOLARSHIP (UP) EXAM)

0 1 2 3 4 5 6 7 8 9

Question Booklet Number

0 1 2 3 4 5 6 7 8 9

Set: A, B, C, D

1st Language (AT): Malayalam, Tamil, Kannada, Arabic, Urdu, Sanskrit

Medium: Malayalam, English, Tamil, Kannada

1st Language (BT): Malayalam, Tamil, Kannada

Gender: Male, Female

Signature of Candidate (With in the Box)

Signature of Invigilator (With in the Box)

*Important Instruction: Use same set of question booklet for Part A, B, & C*

PART - A (1st Language-AT): 1–15 Ⓐ Ⓑ Ⓒ Ⓓ — *Question No.1 to 15 Answer all Questions*

PART - B (1st Language-BT): 16–30 Ⓐ Ⓑ Ⓒ Ⓓ — *Out of Question No.16 to 30 Correct Answer of 10 Questions only will be Considered*

PART - C (Mathematics): 31–50 Ⓐ Ⓑ Ⓒ Ⓓ — *Question No.31 to 50 Answer all Questions*

BARCODE 595161

**"If the candidate makes any mistake in any part of the OMR Answer Sheet, the OMR Answer Sheet will be invalid. Any complaints in this regard will not be entertained on any grounds".**

USE BLUE / BLACK BALL POINT PEN ONLY

INSTRUCTIONS : CANDIDATE TO PLEASE FOLD AT PERFORATION AND THEN TEAR AFTER EXAMINATION IS OVER.
SEPARATE ORIGINAL COPY AND CANDIDATE'S COPY OF OMR ANSWER SHEET AND HAND OVER ORIGINAL ANSWER SHEET TO THE INVIGILATOR

# PAREEKSHA BHAVAN KERALA, THIRUVANANTHAPURAM

## C M KIDS SCHOLARSHIP (U P) EXAMINATION - 2026

GOVERNMENT OF KERALA

ORIGINAL COPY

## PAPER - II

INSTRUCTIONS : CANDIDATE TO PLEASE FOLD AT PERFORATION AND THEN TEAR AFTER EXAMINATION IS OVER.
SEPARATE ORIGINAL COPY AND CANDIDATE'S COPY OF OMR ANSWER SHEET AND HAND OVER ORIGINAL ANSWER SHEET TO THE INVIGILATOR

### IMPORTANT INSTRUCTIONS

1. Marks should be dark and completely fill in the appropriate circles, Mark the circles corresponding to one alternative out of A, B, C, D which you think is correct answer to an item given in the Question Booklet as per the example.

| Correct Method | Wrong Method |
|---|---|
| ● Ⓑ Ⓒ Ⓓ | (examples of wrong marks) |

2. Use only Blue/Black Ball Point Pen to fill the OMR Sheet.
3. There should be no stray marks on the sheet or on the barcode. Darken only one circle for every question.
4. Do not fold or damage the sheet.
5. All Questions carry one mark each.
6. **In Paper II, there are Fifty Five (55) Questions, Candidates Can answer all the questions. Marks of 45 questions as instructed in part A, B, C of the answering part with correct answers only will be considered.**

Name of the Candidate (Leave a box blank between each part of the name)

| Roll Number (as given in Admission Card CM KIDS SCHOLARSHIP (UP) EXAM | Question Booklet Number | Set | Medium | Gender |
|---|---|---|---|---|
| 0–9 (six columns) | 0–9 (six columns) | A ○ B ○ C ○ D ○ | Malayalam ○ English ○ Tamil ○ Kannada ○ | Male ○ Female ○ |

Signature of Candidate (With in the Box)

Signature of Invigilator (With in the Box)

***Important Instruction: Use same set of question booklet for Part A, B, & C***

| PART - A (English) | PART - B (Basic Science) | | PART - C (Social Science) | |
|---|---|---|---|---|
| 1 Ⓐ Ⓑ Ⓒ Ⓓ | 16 Ⓐ Ⓑ Ⓒ Ⓓ | 26 Ⓐ Ⓑ Ⓒ Ⓓ | 36 Ⓐ Ⓑ Ⓒ Ⓓ | 46 Ⓐ Ⓑ Ⓒ Ⓓ |
| 2 Ⓐ Ⓑ Ⓒ Ⓓ | 17 Ⓐ Ⓑ Ⓒ Ⓓ | 27 Ⓐ Ⓑ Ⓒ Ⓓ | 37 Ⓐ Ⓑ Ⓒ Ⓓ | 47 Ⓐ Ⓑ Ⓒ Ⓓ |
| 3 Ⓐ Ⓑ Ⓒ Ⓓ | 18 Ⓐ Ⓑ Ⓒ Ⓓ | 28 Ⓐ Ⓑ Ⓒ Ⓓ | 38 Ⓐ Ⓑ Ⓒ Ⓓ | 48 Ⓐ Ⓑ Ⓒ Ⓓ |
| 4 Ⓐ Ⓑ Ⓒ Ⓓ | 19 Ⓐ Ⓑ Ⓒ Ⓓ | 29 Ⓐ Ⓑ Ⓒ Ⓓ | 39 Ⓐ Ⓑ Ⓒ Ⓓ | 49 Ⓐ Ⓑ Ⓒ Ⓓ |
| 5 Ⓐ Ⓑ Ⓒ Ⓓ | 20 Ⓐ Ⓑ Ⓒ Ⓓ | 30 Ⓐ Ⓑ Ⓒ Ⓓ | 40 Ⓐ Ⓑ Ⓒ Ⓓ | 50 Ⓐ Ⓑ Ⓒ Ⓓ |
| 6 Ⓐ Ⓑ Ⓒ Ⓓ | 21 Ⓐ Ⓑ Ⓒ Ⓓ | 31 Ⓐ Ⓑ Ⓒ Ⓓ | 41 Ⓐ Ⓑ Ⓒ Ⓓ | 51 Ⓐ Ⓑ Ⓒ Ⓓ |
| 7 Ⓐ Ⓑ Ⓒ Ⓓ | 22 Ⓐ Ⓑ Ⓒ Ⓓ | 32 Ⓐ Ⓑ Ⓒ Ⓓ | 42 Ⓐ Ⓑ Ⓒ Ⓓ | 52 Ⓐ Ⓑ Ⓒ Ⓓ |
| 8 Ⓐ Ⓑ Ⓒ Ⓓ | 23 Ⓐ Ⓑ Ⓒ Ⓓ | 33 Ⓐ Ⓑ Ⓒ Ⓓ | 43 Ⓐ Ⓑ Ⓒ Ⓓ | 53 Ⓐ Ⓑ Ⓒ Ⓓ |
| 9 Ⓐ Ⓑ Ⓒ Ⓓ | 24 Ⓐ Ⓑ Ⓒ Ⓓ | 34 Ⓐ Ⓑ Ⓒ Ⓓ | 44 Ⓐ Ⓑ Ⓒ Ⓓ | 54 Ⓐ Ⓑ Ⓒ Ⓓ |
| 10 Ⓐ Ⓑ Ⓒ Ⓓ | 25 Ⓐ Ⓑ Ⓒ Ⓓ | 35 Ⓐ Ⓑ Ⓒ Ⓓ | 45 Ⓐ Ⓑ Ⓒ Ⓓ | 55 Ⓐ Ⓑ Ⓒ Ⓓ |
| 11 Ⓐ Ⓑ Ⓒ Ⓓ | | | | |
| 12 Ⓐ Ⓑ Ⓒ Ⓓ | | | | |
| 13 Ⓐ Ⓑ Ⓒ Ⓓ | | | | |
| 14 Ⓐ Ⓑ Ⓒ Ⓓ | | | | |
| 15 Ⓐ Ⓑ Ⓒ Ⓓ | | | | |

*Question No. 1 to 15 Answer all Questions*

*Out of Question No. 16 to 35 Correct Answer of 15 Questions only will be Considered*

*Out of Question No. 36 to 55 Correct Answer of 15 Questions only will be Considered*

BARCODE 801665

**"If the candidate makes any mistake in any part of the OMR Answer Sheet, the OMR Answer Sheet will be invalid. Any complaints in this regard will not be entertained on any grounds".**

USE BLUE / BLACK BALL POINT PEN ONLY